നിയമസഭയിൽ ഉണ്ടാവുമെന്ന് എനിക്കു തോന്നുന്നില്ല. അത്രയധികം ബുദ്ധിമുട്ടുകൾ അവിടെയുണ്ട്. 178 ലക്ഷം രൂപ മുതൽമുടക്കുള്ള ഒരു താൽക്കാലിക പദ്ധതിയുണ്ട്. അഞ്ചരക്കണ്ടിപ്പുഴയ്ക്ക് ബണ്ടുകെട്ടി വെള്ളം സംഭരിക്കാനുള്ള ഒരു പദ്ധതിയാണ്. അതിന്റെ പണി ഏതാണ്ട് നടന്നു വരികയാണ്. വേഗത്തിൽ അത് തീർക്കുമെന്ന് പ്രതീക്ഷിക്കുന്നു. അഞ്ചരക്കണ്ടി മുതൽ മൈലാടി വരെയുള്ള പൈപ്പുലൈൻ പല സ്ഥലത്തും പൊട്ടിയിരിക്കുന്നതുകൊണ്ട് ഉള്ള വെള്ളം തന്നെ ശരിക്കു ഒഴുക്കി വിടാൻ സാധിക്കുന്നില്ല. അതുകൊണ്ട് അവിടെ കാസ്റ്റ് അയേൺപൈപ്പുകൾ ഇടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനുള്ള പ്രൊപ്പോസൽ ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. അത് വേഗത്തിൽ ക്ലീയർ ചെയ്ത് അതിനുള്ള നടപടികൾ സ്വീകരിക്കാം. അതോടൊപ്പം, 250 ഹോഴ്സ് പവർ ഉള്ള രണ്ട് പമ്പു സെറ്റുകൾ കൂടി സ്ഥാപിക്കാനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. അതുപോലെ തന്നെ കക്കാട് ഓവർ ഹെഡ് ടാങ്കിന്റെ പണിയുടെ ഏതാണ്ട് 80 ശതമാനം പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. മൈലാടിയിൽ സ്ഥാപിക്കാനുള്ള ജലശുദ്ധീകരണ ശാലയുടെ ജോലിക്ക് ലഭിച്ചിട്ടുള്ള ടെൻഡറുകളും പരിശോധിച്ചു വരികയാണ്. വേനൽക്കാലം ആരംഭിച്ചതോടെ അഞ്ചരക്കണ്ടിയിലെ വെള്ളത്തിന്റെ ദൗർലഭ്യം വർദ്ധിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അവിടത്തെ വെള്ളത്തിന്റെ കുറവ് പരിഹരിക്കുവാൻ വേണ്ടി പഴശ്ശിജല സംഭരണിയിൽ നിന്ന് വെള്ളം പമ്പ് ചെയ്യാനുള്ള സജ്ജീകരണങ്ങൾ ഇതൊക്കെയാണെങ്കിലും വെള്ളം ടൗണിൽ പല സ്ഥലത്തും എത്തുന്നില്ലെന്നുള്ളതാണ് സത്യം. ഇതിന്റെ സ്റ്റാഗ്നേഷൻ കൊടുത്ത് പണി വേഗത്തിൽ നടത്താൻ ആവശ്യപ്പെടാം. റൂറൽഏരിയായിൽ ഏതാണ്ട് 71 ശുദ്ധജലവിതരണ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. അതോടൊപ്പം 205 കുഴൽ കിണറുകളുടെയും പണി ഘട്ടംഘട്ടമായി പുരോഗമിച്ചു വരികയാണ്. ഇതിനെയാകെ പ്രവൃത്തി അതിവേഗത്തിൽ പൂർത്തിയാക്കി വെള്ളം കൊടുക്കാനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്.

(4) ശ്രീ. സി. കെ. കുമാരന് നേരെയുള്ള ആക്രമണം

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സർ, തൃശ്ശൂർ ജില്ലയിൽ ഒരു പ്രത്യേക ഘട്ടത്തിൽ നിലനിൽക്കുന്ന ഗുരുതരമായ ക്രമസമാധാനനിലയെക്കുറിച്ച് ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മാർച്ച് 6-ാം തീയതി തൃശ്ശൂർ ജില്ലയിൽ ഏറ്റവും അറിയപ്പെടുന്ന ഒരു പ്രമുഖ രാഷ്ട്രീയ നേതാവായ ശ്രീ. സി. കെ. കുമാരൻ, ബസ്സിൽ നിന്നിറങ്ങി വീട്ടിലേക്ക് പോകുമ്പോൾ രാത്രി 9 മണിയോടുകൂടി ആർ. എസ്സ് എസ്സ് എസ്സിന്റെ ആക്രമികൾ പതിയിരുന്ന് അദ്ദേഹത്തെ മാരകമായി വധിക്കാൻ ശ്രമിച്ചു. സർ, ഞങ്ങളൊക്കെ ബസ്സിറങ്ങിയാണ് വീട്ടിലേക്ക് പോകുന്നത്. ഞങ്ങൾക്ക് കാർ സമ്പാദിക്കുവാൻ കഴിഞ്ഞിട്ടില്ല. അവിടെ കുമാരനല്ല ആർക്കും സംഭവിക്കാവുന്ന കാര്യമാണിത്. ഒരു സംഘർഷം അവിടെ നിലനിൽക്കുകയാണ്. ഈ ആർ. എസ്സ് എസ്സ് കാർ കുമാരനെവെട്ടിക്കാലപ്പെടുത്തുവാൻ ശ്രമിച്ചു. ഇപ്പോൾ മെഡിക്കൽകോളേജ് ആശുപത്രിയിലാണ്. അദ്ദേഹം രക്ഷപ്പെടും. രണ്ടു ദിവസം കഴിഞ്ഞ് പുന്നയൂർ എന്ന സ്ഥലത്ത് ശിവരാത്രി ദിവസം അവർ രണ്ടുപേരെ കുത്തി. അവരെ മെഡിക്കൽകോളേജ് ആശുപത്രിയിലാക്കി. ചാവക്കാട് എന്ന സ്ഥലത്ത് അന്നുതന്നെ ഇന്ദിരാകോൺഗ്രസുക്കാരെയും തല്ലി ശരിപ്പെടുത്തി ആ പ്രദേശത്ത് അവർ പക്ഷപാതം കാണിച്ചില്ല. അവിടെ അവർ അഴിഞ്ഞാടുകയാണ്. പോലീസിന്റെ അന്വേഷണമില്ല. പോലീസ് അന്വേഷിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

അക്രമികളെ എവിടെയെന്നല്ലാ മറിച്ച് സി. കെ. കുമാരന്റെ മകനേയും സഹോദരിയെയും സ്റ്റേഷനിൽ വരാൻ പറയുകയാണ് ചെയ്യുന്നത്. കാരണം അവർ ആർ. എസ്സ്. എസ്സുക്കാരെ തുറിച്ചു നോക്കുന്നു പോലും: അക്രമത്തിന് വിധേയരായ ആളുകൾക്കും, അവരുടെ വീട്ടുക്കാർക്കും അവിടെ കിടന്നു കൂടാ. എന്നാൽ ആർ. എസ്സ്. എസ്സ് കാർ യഥേഷ്ടം വിഹരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോഴെ പറയും, അക്രമികളെ കസ്റ്റഡിയിലെടുത്തു എന്ന്. മിനിഞ്ഞാന്ന് അവിടെ ഒരു സംഭവം നടന്നു. നിയമസഭ കൂടുന്നുവെന്നുള്ളതുകൊണ്ടോ ഇവിടെ ഉന്നയിക്കുമെന്നുള്ളതുകൊണ്ടോ എന്താണെന്നറിയില്ല, അഞ്ച് ആക്രമികളെയും രാത്രി പെട്ടെന്ന് പോലീസിന് പിടികിട്ടി. അതിന്റെ അർത്ഥം പോലീസിന്റെ സംരക്ഷണയിലാണ് ഇവർ അവിടെതാമസിച്ചിട്ടുള്ളതെന്നാണ്. എത്ര പരിഹാസ്യമാണ്? മനുഷ്യനു ഇറങ്ങി നടന്നു കൂടാ. ക്രമസമാധാനം ആകെ തകർന്നിരിക്കുകയാണ്. കുന്നംകുളം സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽമുഖ്യമന്ത്രി ഗുരുവായൂരിലേക്ക് പോകുമ്പോൾ എസ്കോർട്ടിനല്ലാതെവേറെ ഒരു പണിക്കും ആ പോലീസിനെ പറ്റുകയില്ല. ഇവിടെ ആർ. എസ്സ്. എസ്സിന്റെ കുറിവരച്ച ആളുകളെ അവിടെകൊണ്ടു നിരത്തിയിരിക്കുകയാണ്. ഈ സാഹചര്യം തുടരുന്നപക്ഷം. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കാൻ സ്വയം ആയുധമെടുത്ത് സംഘടിക്കേണ്ടിവരും. ആഭ്യന്തരമന്ത്രി, ഇത് ശ്രദ്ധിക്കണം അല്ലെങ്കിൽ, അവിടെ നിന്ന് ഒഴിഞ്ഞു മാറിനിന്നുകൊണ്ട് ഈ ചുമതല വേറെ ആരെയെങ്കിലും ഏൽപ്പിക്കണം.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ശ്രീ. അരവിന്ദാക്ഷൻ പറഞ്ഞത് ശരിയാണ്. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ജില്ലാ സെക്രട്ടറിയും കർഷകതൊഴിലാളി യൂണിയന്റെ ജില്ലാ പ്രസിഡന്റുമായ സഖാവ് സി. കെ. കുമാരനു നേരെ ആക്രമണം ഉണ്ടായി. ആക്രമണം നടത്തിയ ആർ. എസ്സ്. എസ്സ്. എസ്സിന്റെ 17 ആളുകളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട് യാതൊരു പ്രകോപനവുമില്ലാതെ വീട്ടിലേക്കു പോകുംപോഴാണ് ആക്രമണം നടന്നതെന്നാണ് എനിക്കു കിട്ടിയിട്ടുള്ള റിപ്പോർട്ട്. അതിൽ അഞ്ചു പേരെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. ബാക്കിയുള്ള ആളുകളെ പിടിക്കാൽ നടപടി സ്വീകരിക്കുന്നതോടൊപ്പം തന്നെ ഈ സംഘട്ടനം വ്യാപകമാകാതിരിക്കാനുള്ള കരുതൽ നടപടികളും സ്വീകരിച്ചിട്ടുമുണ്ട്. അക്രമികളെ പിടിക്കാനുള്ള എല്ലാ നടപടികളും ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(5) പിറവം നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് ഹോസ്പിറ്റലുകളുടെ ശോചനീയാവസ്ഥ

ശ്രീ. ബെന്നിബഹനാൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ഗവൺമെന്റാശുപത്രിയുടെ ശോചനീയാവസ്ഥ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് ഗവൺമെന്റാശുപത്രികളും, 3 പ്രൈമറി ഹെൽത്തുസെന്ററുകളും 4 ഗവൺമെന്റ് ഡിസ്പെൻസറികളുമാണ് അലോപ്പതി രംഗത്തുള്ളത്. ഈ ആശുപത്രികളുടെ സ്ഥിതി വളരെ ശോചനീയമാണ്. പല ആശുപത്രികളിലും വാർഡുകളുണ്ട് പക്ഷേ ഡോക്ടർമാരില്ല. ചിലയിടത്ത് ഡോക്ടർമാരുണ്ട്, അവിടെ വാർഡുകളില്ല. കീച്ചേരി, പ്രൈമറി ഹെൽത്തുസെന്ററിൽ ജലം കിട്ടിക്കൊണ്ടിരുന്നത് ഒരു കിണറിൽ നിന്നാണ്. ആ കിണറ് കഴിഞ്ഞ അഞ്ചാറ് മാസം മുൻപ് ഇടിഞ്ഞു നിരന്നുപോയതുകൊണ്ട് ഒരുതുള്ളി

LIBRARY ARCHIVES Kerala Legislative Assembly